# Athmaraksha.org

പരി. അമ്മയും ജപമാലയും

## പരി. അമ്മയും ജപമാലയുടെ പ്രാധാന്യവും




### നന്മ നിറഞ്ഞ മറിയമേ പ്രാർത്ഥന

നന്മനിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് നിന്നോടുകൂടെ, സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു.നിന്റെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ. ആമ്മേൻ.

ഈ പ്രാർത്ഥന വി. ലൂക്കായുടെ സുവിശേഷം 1:28, 1:42, 1:43 വചനങ്ങളാണ്. നിരന്തരമായി ആവർത്തിക്കപ്പെടുന്ന ഈ വചനങ്ങൾ നമ്മെ വിശുദ്ധീകരിക്കുകയും, സ്വതന്ത്രരാക്കുകയും ചെയ്യുന്നു. എന്നാൽ ഈ വചനങ്ങൾക്കെതിരെ സാത്താൻ സർവ്വശക്തിയുമെടുത്ത് പൊരുതും. കാരണം രക്ഷയുടെ ആദ്യത്തെ വചനങ്ങളാണിത്. ഈ വചനങ്ങൾക്ക് പരി. അമ്മ 'ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എിൽ നിറവേറട്ടെ' (ലൂക്ക 1:38) എന്നു പറഞ്ഞപ്പോഴാണ് സാത്താന്റെ പതനം ആരംഭിച്ചത്. മനുഷ്യന്റെ പതനത്തിൽ പുരുഷനോടൊപ്പം ഒരു സ്ത്രീയും സാത്താൻ പറഞ്ഞത് അനുസരിച്ചു. എന്നാൽ ദൈവത്തിന്റെ രക്ഷാകരകർമ്മത്തിൽ രണ്ടാം ആദമായ ഈശോയോട് സഹകരിക്കുന്ന സഹരക്ഷകയും രണ്ടാം ഹവ്വായും ആണ് പരി. മറിയം.

ഈ കാരണങ്ങളാൽ സാത്താൻ ജപമാല പ്രാർത്ഥനയ്ക്ക് എതിരായും, പരിശുദ്ധ മറിയത്തിന് എതിരായും പല വ്യക്തികളിലൂടേയും, ചില സഭാവിഭാഗങ്ങളിലൂടെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവർ പറയുത് യേശു മറിയത്തെ സ്ത്രീയെ എന്നു വിളിച്ചു എന്നാണ്. ദൈവശാസ്ത്രപരമായി വലിയ അർത്ഥം സ്ത്രീ എന്ന വാക്കിനുണ്ട്. ഈ സമയങ്ങളിൽ പരി. മറിയത്തിന്റെ സ്ഥാനം ഈശോയുടെ അമ്മ മാത്രമായിട്ടല്ല. ദൈവത്തിന്റെ രക്ഷാകരകർമ്മത്തിൽ യേശുവിനോടു സഹകരിക്കുന്ന സഹരക്ഷക കൂടിയായിട്ടാണ്. ദൈവമഹത്ത്വീകരണം രക്ഷാകരമാണ്. ഈ മഹത്ത്വീകരണത്തിൽ യേശുവിനോടു സഹകരിക്കുന്ന സ്ത്രീയാണ് മാതാവ്. ഒരാൾക്ക് രണ്ടു സ്ഥാനം ഉണ്ടെങ്കിൽ നമ്മൾ ആ വ്യക്തിയെ അഭിസംബോധന ചെയ്യുന്നത് ആ സമയത്തുള്ള സ്ഥാനം അനുസരിച്ചായിരിക്കും.

## ജപമാല പ്രാർത്ഥന തികച്ചും വചനാധിഷ്ഠിതം

ജപമാല പ്രാർത്ഥന ദൈവമാതാവിനോടുള്ള പ്രാർത്ഥന അല്ല. അമ്മവഴി സ്വർഗ്ഗസ്ഥനായ പിതാവിനോടാണ് പ്രാർത്ഥിക്കുന്നത്. തുടക്കം തന്നെ അളവില്ലാത്ത സകല നന്മസ്വരൂപിയായിരിക്കുന്ന കർത്താവേ... എന്നാണ്. പരി. മറിയമേ തമ്പുരാന്റെ അമ്മേ... പ്രാർത്ഥന അവസാനിക്കുത് 'തമ്പുരാനോട് അപേക്ഷിക്കണമേ' എന്നാണ്. ഗബ്രിയേൽ മാലാഖ മറിയത്തെ മംഗളവാർത്ത അറിയിക്കുന്നതു മുതൽ യേശുവിന്റെ ജനനം, ബാല്യം, പരസ്യജീവിതം, സുവിശേഷ പ്രഘോഷണം, അത്ഭുതങ്ങൾ, അടയാളങ്ങൾ, കുരിശുമരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പന്തക്കുസ്താ അനുഭവം, പരി. അമ്മയുടെ സ്വർഗ്ഗാരോപണം, സ്വർഗ്ഗപ്രാപ്തിയും കിരീടധാരണവും വരെയുള്ള ബൈബിളിലെ സംഭവങ്ങൾ ക്രമത്തിൽ ധ്യാനിക്കുന്നതാണ് ജപമാലയിലെ 20 രഹസ്യങ്ങൾ.

## പരി.അമ്മ ജീവിതത്തിലേക്കു കടന്നുവരുമ്പോൾ പരിശുദ്ധാത്മാവിനാൽ നിറയുന്നു

പരിശുദ്ധാത്മാവിന്റെ ശക്തി ആവസിച്ച മറിയം (ലൂക്ക 1:35) എലിസബത്തിനെ സന്ദർശിച്ച് അഭിവാദനം ചെയ്തു. (1:40) മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി (1:41). അവൾ ഉദ്ഘോഷിച്ചു. നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം (1:42). എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്? (1:43). ഇതാ, നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി (1:44). ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും (1:48).

## ജപമാല പ്രാർത്ഥന വി. കുർബാനയുടെ ഒരു പുനഃസ്മരണിക

നമ്മുടെ കർത്താവിന്റെ ജനനത്തിന്റെയും, പീഡാനുഭവത്തിന്റെയും, ഉയിർപ്പിന്റെയും സുപ്രധാനവും സജീവവുമായ സ്മരണികയായ വിശുദ്ധബലി കഴിഞ്ഞാൽപ്പിന്നെ, നമ്മുടെ കർത്താവിന്റെ ജീവിതത്തിന്റെയും, പീഡാനുഭവത്തിന്റെയും, ഉയിർപ്പിന്റെയും ഒരു പുനഃസ്മരണികയും ചിത്രീകരണവുമാണ് ജപമാലപ്രാർത്ഥന. ഈ പ്രാർത്ഥന ചൊല്ലുമ്പോൾ കടന്നുവരുന്ന വേഗതയെ നിയന്ത്രിക്കുക. എത്രയും വേഗത്തിൽ ജപമാല ചൊല്ലിതീർക്കാതെ വാക്കുകൾ യഥാവിധം ഉച്ചരിച്ചുകൊണ്ട് എല്ലാ ദിവ്യരഹസ്യങ്ങളും ധ്യാനാൽമകമായി ചൊല്ലുക.

## പരി. അമ്മയുടെ ജീവിക്കുന്ന ഒരു സക്രാരിയാണ്. വാഗ്ദാന പേടകമാണ്

പഴയനിയമത്തിൽ വാഗ്ദാന പേടകത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്: ദൈവം പറഞ്ഞു കൊടുത്തതനുസരിച്ച് മനുഷ്യർ നിർമ്മിച്ച ഒരു പേടകമായിരുന്നു അത്. അതിനുള്ളിൽ ദൈവമായിരുന്നില്ല. ദൈവത്തിന്റെ ഉടമ്പടി പത്രികയായിരുന്നു. എന്നിട്ടും വാഗ്ദാന പേടകത്തിനു നേരെ കൈനീട്ടിയ ഉസാ എന്ന മനുഷ്യനെ ദൈവം വധിച്ചു എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്. (1 ദിനവൃത്താന്തം 13:10).

പുതിയ നിയമത്തിലെ ജീവിക്കുന്ന വാഗ്ദാന പേടകമാണ് പരിശുദ്ധ മറിയം. അമ്മയുടെ ഉള്ളിൽ ദൈവത്തിന്റെ ഉടമ്പടി പത്രികയല്ല. ദൈവം തന്നെയായിരുന്നു വസിച്ചിരുന്നത്. അതുകൊണ്ട് ദൈവത്തിന്റെ സജീവ വാഗ്ദാനപേടകമായ ദൈവമാതാവിനെതിരെ കരങ്ങളോ, നാവോ ഉയർത്തുവർ ഇനിയെങ്കിലും പരിശുദ്ധ മറിയത്തെ ആദരിക്കുകയും, സ്നേഹിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക.

## യേശു നിങ്ങളോടു പറയുന്നതു ചെയ്യുവിൻ

അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു. അവർക്കു വീഞ്ഞില്ല. യേശു അവളോടു പറഞ്ഞു. സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു. അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ (യോഹന്നാൻ 2:35).

പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസറത്തിൽ വന്ന്, അവർക്ക് വിധേയനായി

ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്കാ 2:51). പരി. അമ്മ മകന്റെ എല്ലാ ആഗ്രഹങ്ങളും, സ്വഭാവങ്ങളും മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് പരി. അമ്മ പറഞ്ഞത്. അവൻ പറയുന്നത് ചെയ്യുവിൻ (യോഹാൻ 2:5). ഈ വചനം നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ആത്മപരിശോധന ചെയ്യുക.

## യേശു പരി. അമ്മയെ നമുക്കു നൽകി

യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു. സ്ത്രീയേ, ഇതാ നിന്റെ മകൻ, അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു. ഇതാ, നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു'. (യോഹന്നാൻ 19:26-27).

കുരിശിൻ ചുവട്ടിൽ അവസാന നിമിഷം വരെ യേശുവിനെ അനുഗമിച്ച പ്രിയ ശിഷ്യന് യേശു നൽകിയ അവസാന സ്നേഹസമ്മാനമാണ് പരി.അമ്മ. നമ്മുക്ക് വേണ്ടപ്പെട്ടവർ ഈ ലോകത്തിൽ നിന്നും വേർപിരിഞ്ഞുപോകുമ്പോൾ അവസാനമായി നമ്മോട് ആവശ്യപ്പെടുന്നത് നമ്മുക്ക് ഒരിക്കലും മറക്കാൻ പറ്റില്ലല്ലോ. ഞാൻ ജപമാലയുടെ നാഥയാകുന്നു. ദിവസവും നിങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിക്കണം. എന്ന് പരിശുദ്ധ മാതാവ് ഫാത്തിമാ ദർശനത്തിൽ ആഹ്വാനം ചെയ്തിരുന്നു. അനേകം വിശുദ്ധർ ഈ ജപമാല പ്രാർത്ഥനയിലൂടെയാണ് അവരുടെ ആദ്ധ്യാത്മിക ജീവിതത്തിൽ നിരന്തരം ദൈവത്തോട് അടുത്തു നിന്നിരുന്നത്.

ആത്മീയ യുദ്ധത്തിലെ ആയുധങ്ങളായ കുരിശും ജപമാലയും അത്ഭുതകരമായ ശക്തിയുടെ പ്രതീകങ്ങളാണ്. ജപമാല പ്രാർത്ഥനയിൽ ആഴപ്പെട്ടാൽ ഒരു ഛിദ്രശക്തിക്കും നമുക്കെതിരെ നിലനിൽക്കാൻ കഴിയുകയില്ല. ആകുലതകളിലും വ്യാകുലതകളിലും പെട്ട് നീറുന്ന മനസ്സുകൾക്കും തകർന്ന കുടുംബങ്ങൾക്കും പുതുജീവൻ പകരാൻ ജപമാലയ്ക്കു കഴിയും.

## അമ്മ നിനക്കും എനിക്കും വേണ്ടി എത്ര സഹിച്ചവൾ

നിന്റെ രക്ഷകൻ അവളുടെ ഉദരത്തിൽ ഒരു ഭ്രൂണമായി വിടരവേ
ഏറ്റ അപവാദത്തിന്റെ, സംശയത്തിന്റെ കുന്തമുനകൾ..
നിറവയറുമായി... നീണ്ട അലച്ചിലുകൾ...
എത്രമുട്ടിയിട്ടും തുറക്കാതെ പോയ വാതിലുകൾ
പിന്നെ മരംകോച്ചുന്ന തണുപ്പിൽ കാലിചാണകത്തിന്റെ
ദുർഗന്ധം പേറുന്ന അന്തരീക്ഷത്തിൽ....
ഒരു വയറ്റാട്ടിയുടെ പോലും സഹായമില്ലാതെ അവന്റെ പിറവി...
പിന്നെ  നീളുന്ന വാൾത്തലപ്പുകളിൽ നിന്ന്
അവനെ സംരക്ഷിക്കുവാനായി... പ്രാണൻ പൊള്ളും പാലായനങ്ങൾ
ആൾക്കൂട്ടത്തിലെവിടെയോ കൈവിട്ടു പോയ
ആ കുഞ്ഞുവിരൽതുമ്പ് എത്രമേൽ കരയിച്ചിട്ടുണ്ടാകും അവളേ..
പിന്നെ അവന്റെ യൗവനത്തിൽ എത്രയോ രാവുകളിൽ
അവൾ വഴിക്കണ്ണുമായി ... പിടയുന്ന ഹൃദയമോടെ കുരിശു യാത്ര
രക്തമൊഴുകി തളം കെട്ടിയ വഴിയിലൂടെ
ഇടറുന്ന പാദങ്ങളോടെ...
ഉയരുന്ന ചമ്മട്ടിയുടെ ശബ്ദം... തകർന്നു പോയ ഹൃദയം
ഏകമകൻ കൊടും കുറ്റവാളിപോലെ
കാൽവരികുന്നിൽ പിടഞ്ഞ് മരിക്കുന്നത് കാണേണ്ടി വരുക...
ഒടുവിൽ ... മകന്റെ വികൃതമായ ശവശരീരം മടിയിൽ കിടത്തി
നീ ചങ്കുതകർന്ന് കരഞ്ഞതോർക്കുമ്പോൾ...
അമ്മേ എന്റെ കണ്ണുകളും ഈറനണിയുന്നു

## ഈ അമ്മയെ സ്നേഹിച്ചില്ലെങ്കിൽ പിന്നെ ആരെ സ്നേഹിക്കും നമ്മൾ ഈ ഭൂമിയിൽ